(ഡി) എത്രപേർ വിദ്യാഭ്യാസം നടത്തുന്നു ;

(ഇ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം പ്രസ്തുത കോളേജുകൾക്ക് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ കരുണാകരൻ) :

(എ) ഉണ്ട്

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജ്.

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആദ്യത്തെ ബാച്ച് 1987 മാർച്ചിൽ മാത്രമേ പരീക്ഷയ്ക്ക് ഇരിക്കുകയുള്ളു.

(ഡി) 575

(ഇ) നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം

* 173. [192] ശ്രീ. പി. കെ.കെ. ബാവ :

,, കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങളും മറ്റ് അവശ്യസാധനങ്ങളും ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്) :

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും, ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് ആദ്യപടി എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിലും എറണാകുളം ജില്ലയിലെ കണ്ണമാലിയിലും മത്സ്യ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഓരോ "വ്യാസാ സ്റ്റോറുകൾ" പ്രവർത്തിച്ചു വരുന്നു. ഇതുപോലെയുള്ള സ്റ്റോറുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പൊതുപ്രവർത്തകർക്കെതിരായ അഴിമതി നിരോധനനിയമത്തിനു ഭേദഗതി

* 174. [193] ശ്രീ. എ.കെ. പത്മനാഭൻ :

,, വർക്കല രാധാകൃഷ്ണൻ :

,, ടി.കെ. ഹംസ :

,, ടി.കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുപ്രവർത്തകർക്കെതിരായ അഴിമതി നിരോധന നിയമത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള നിയമ ഭേദഗതികൾ ഗവൺമെന്റ് സ്വീകരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിയമസഭയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപ് നടപ്പിൽ വരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കേരള പൊതുപ്രവർത്തക അഴിമതി നിരോധന കമ്മീഷൻ സമർപ്പിച്ച ഒന്നും രണ്ടും വാർഷിക റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള അഴിമതി നിരോധന നിയമത്തിലെ ഭേദഗതികളും ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്.

(ബി) ഇക്കാര്യത്തിൽ ഗവൺമെൻറ് കഴിയുന്നതും വേഗം തീരുമാനം എടുക്കുന്നതാണ്.

പഞ്ചായത്തുകൾക്കുള്ള ബേസിക് ടാക്സ്

* 175. [194] ശ്രീ. രാഘവൻ പൊഴക്കടവിൽ :
,, കെ.എസ്. നാരായണൻ നമ്പൂതിരി :
,, കെ.കെ. ശ്രീനിവാസൻ :
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേസിക് ടാക്സിന്റെ പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി എത്രയും വേഗം പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം) :

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്നും വേണ്ട വിവരങ്ങൾ ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നതുകൊണ്ടാണ് ബേസിക് ടാക്സിന്റെ പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകാൻ കാലതാമസം വരുന്നത്. കുടിശ്ശിക യായിട്ടുള്ള വിഹിതം നൽകുന്നതിനുള്ള സത്വരനടപടികൾ പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങൾ

* 176. [195] ശ്രീ. ജോസ് കുറ്റ്യാനി :
,, കെ.കെ. തോമസ് :
,, കെ. മുഹമ്മദാലി :
,, കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഈ വിഭാഗങ്ങളുടെ സാമൂഹ്യനൻമയ്ക്കുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു ;

(ബി) ഇതിനുവേണ്ടി തുക ചെലവഴിക്കുന്നത് ജില്ലാ കളക്ടർമാരിൽ കൂടെയാണോ ;

(സി) ഇതിനുവേണ്ടി ശുപാർശ ചെയ്യുന്ന കമ്മിറ്റിയിൽ അതാത് ജില്ലകളിലെ നിയമസഭാംഗങ്ങളെകൂടി ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) വിദ്യാഭ്യാസപരമായും സാമ്പത്തികമായും സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കു പുറമേ സാമൂഹ്യ നൻമയെ ലാക്കാക്കി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly